## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5062 04.07.2012 -ൽ മറുപടി നല്കേണ്ടിയിരുന്നത്**

**റാന്നിയിൽ ഡി.വൈ.എഫ്. ഐ. മാർച്ചിനുനേരെ ലാത്തി ചാർജ്ജ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ രാജു എബ്രഹാം : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) റാന്നി താലൂക്കാശുപത്രിയിലേക്ക് നടത്തിയ ഡി.വൈ.എഫ്. ഐ. മാർച്ചിനുനേരെ ലാത്തിച്ചാർജ്ജ് ചെയ്തത് എന്നായിരുന്നു ; എത്രപേർക്കാണ് ഈ സംഭവത്തിൽ പരിക്കേറ്റത് ;<br><br>ബി) ലാത്തിച്ചാർജിനിടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കാമോ ; | (എ) & (ബി) റാന്നി താലൂക്കാശുപത്രിയിലേക്ക് നടത്തിയ ഡി.വൈ.എഫ്.ഐ. മാർച്ചിനുനേരെ ലാത്തി ച്ചാർജ്ജ് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 11.06.2012-ൽ പകൽ 11.35 മണിയോടെ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ റാന്നി താലൂക്ക് ആശുപത്രിയിലേക്ക് നടത്തിയ മാർച്ച് അക്രമാസക്തമായതിനെ തുടർന്ന് നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയാൻ സമരക്കാരെ പോലീസ് ലാത്തി വീശി വിരട്ടി ഓടിക്കുകയുണ്ടായി. സംഘർഷത്തിൽ 2 പോലീസുകാർക്കു പരിക്കുപറ്റിയിട്ടുണ്ട്. |
| സി) സമരക്കാർ പിരിഞ്ഞു പോകണമെന്ന മുന്നറിയിപ്പ് ആരാണ് നൽകിയത് ; | (സി) അത്തരമൊരു നിർദ്ദേശം നല്കിയിട്ടില്ല. |
| ഡി) ഏതൊക്കെ റവന്യൂ ഉദ്യോഗസ്ഥർ സ്ഥല ത്തുണ്ടായിരുന്നു ; | (ഡി) റവന്യൂ ഉദ്യോഗസ്ഥർ സ്ഥലത്തുണ്ടായിരുന്നില്ല. |
| ഇ) ലാത്തിച്ചാർജിനുമുൻപ് റവന്യൂ ഉദ്യോഗസ്ഥർ എന്തെങ്കിലും മുന്നറിയിപ്പ് നൽകിയിരുന്നോ ; മാർച്ച് വരുന്നതിനുമുൻപ് പോലീസ് സമീപത്തെ കടകൾ അടപ്പിച്ചത് എന്ത് കാരണത്താലാണ് ; | (ഇ) റവന്യൂ ഉദ്യോഗസ്ഥർ സ്ഥലത്തുണ്ടായിരുന്നില്ല. പോലീസ് കടകൾ അടപ്പിച്ചിട്ടില്ല. |
| എഫ്) പോലീസുകാർക്ക് ഈ സംഘർഷത്തിൽ പരിക്കേറ്റിട്ടുണ്ടോ ; പരിക്കേറ്റവരെ എപ്പോ ഴാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത് ; സമയം വ്യക്തമാക്കുമോ ; | (എഫ്) സംഘർഷത്തിൽ 2 പോലീസുകാർക്കു പരിക്കുപറ്റിയിട്ടുണ്ട്. അതിൽ ഒരാളെ 11.06.2012 -നു പകൽ 12.00 മണിയ്ക്ക് പത്തനംതിട്ട ജനറൽ ആശുപത്രിയിലും മറ്റെയാളെ അന്നേ ദിവസം പകൽ 12.10 മണിയ്ക്ക് റാന്നി താലൂക്കാശുപത്രിയിലും തുടർന്ന് 3.00 മണിയ്ക്ക് പത്തനംതിട്ട ജനറൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു. |
| ജി) റാന്നി എം. എൽ. എ. -യുടെ അഭ്യർത്ഥന പ്രകാരം ഈ സംഭവത്തെപ്പറ്റി അന്വേഷിക്കുവാൻ ഏത് ഉദ്യോഗസ്ഥ നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; പ്രസ്തുത ഉദ്യോഗസ്ഥൻ നടത്തിയ അന്വേഷ ണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ ? | (ജി) ഈ സംഭവവുമായി ബന്ധപ്പെട്ട അന്വേഷണ ത്തിന് പ്രത്യേകിച്ച് ആരെയും ചുമതലപ്പെടുത്തിയി ട്ടില്ല. അന്നത്തെ അക്രമസംഭവങ്ങളെത്തുടർന്ന് റാന്നി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 461/12 കേസിന്റെ അന്വേഷണം റാന്നി സർക്കിൾ ഇൻസ്പെക്ടർ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ